പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1624 — 14.07.2016 ൽ മറുപടിക്ക്

## പാറക്വാറികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ അനധികൃതമായി പാറ പൊട്ടിക്കലും ക്രഷർ നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ക്വാറികൾക്കും ക്രഷറുകൾക്കുമെതിരെ നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി ആവശ്യമായ നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | കേരളത്തിൽ പാറ പൊട്ടിക്കുന്ന എത്ര ക്വാറികളും എത്ര മെറ്റൽ ക്രഷറുകളുമുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിയമാനുസൃതം 3493 ക്വാറികൾ പ്രവർത്തി ക്കുന്നുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുമതി സമ്പാദിച്ച് 1316 ക്രഷർ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പാറ പൊട്ടിക്കുന്ന ക്വാറികൾക്ക് നിലവിൽ ലൈസൻസ് കൊടുക്കുന്നത് ഏതൊക്കെ ഗവൺമെന്റ് സ്ഥാപനങ്ങളുടെ അനുമതിക്ക് വിധേയമാണെന്ന് വിശദമാക്കാമോ; | (സി) | പരിസ്ഥിതി വകുപ്പിൽ നിന്നുള്ള പരിസ്ഥിതി ക്ലിയറൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള consent to operate, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള D&O ലൈസൻസ്, മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ആവശ്യമാണ്. എന്നാൽ 26.02.2012 നോ അതിനുമുമ്പോ നിലവിലുണ്ടായിരുന്ന ക്വാറികൾക്ക് 05.10.2015 മുതൽ 3 വർഷത്തേക്കുകൂടി പരിസ്ഥിതി ക്ലിയറൻസില്ലാതെ പ്രവർത്തനാനുമതി നൽകുന്നതിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തി യിരുന്നു. |
| (ഡി) | പാറ പൊട്ടിക്കുന്ന ക്വാറി ലൈസൻസ് ലഭിക്കുന്നതിനായി ജനവാസ കേന്ദ്രത്തിൽ നിന്നും എത്ര അകലം വേണമെന്നും, റോഡിന് എത്ര വീതി വേണമെന്നും നിഷ്കർഷിക്കുന്നുണ്ടോ; | (ഡി) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം പുതിയ ക്വാറികൾക്ക് അനുമതി ലഭിക്കുന്നതിന് ജനവാസമേഖലകളിൽ നിന്ന് 100 മീറ്റർ അകലം പാലിക്കേണ്ടതാണ്. എന്നാൽ 2012 നു മുമ്പ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും സമ്മതപത്രം ലഭിച്ചിരുന്ന ക്വാറികൾക്ക് ഈ ദൂരപരിധി ഇപ്പോഴും 50 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. ക്വാറിയിലേക്കുള്ള റോഡിന്റെ വീതി സംബന്ധിച്ച് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. |

എന്നിരുന്നാലും പുതിയ ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുമുമ്പ് ക്വാറിയിലേക്ക് വാഹന സൗകര്യമുള്ള റോഡുകൾ ഉണ്ടാകണമെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. എക്സ്പ്ലോസീവ് സൂക്ഷിക്കാനുള്ള മാഗസിനിലേ ക്കുള്ള റോഡിന് 3.5 മീറ്റർ വീതിവേണമെന്ന് 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളിലെ ഭേദഗതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ഇ) ടി ക്വാറി ലൈസൻസിനായി മിനിമം എത്ര ഏക്കർ ഭൂമി വേണമെന്നാണ് അനുശാസിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ 12 വർഷം കാലാവധിയുള്ള ക്വാറിയിങ് ലീസ് ലഭിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ആവശ്യമാണ്. എന്നാൽ ഒരു വർഷംവരെ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റ് അനുവദിക്കുന്നതിന് സ്ഥലത്തിന്റെ വിസ്തീർണ്ണം 1 ഹെക്ടറിൽ താഴെയാകണമെന്ന മാത്രമേ വ്യവസ്ഥയുള്ളൂ.

(എഫ്) ലൈസൻസ് ഇല്ലാതെ കേരളത്തിൽ അനവധി ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ക്വാറികൾക്കെതിരെ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്ഥലമുടമയ്ക്കെതിരെ കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതു കൂടാതെ, അനധികൃതമായി നീക്കം ചെയ്ത ധാതുവിന്റെ റോയൽറ്റി, വില എന്നിവ നിയമാനുസൃതം ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## സംസ്ഥാനത്തെ കരിങ്കൽ ക്വാറി/ ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം ജില്ലതിരിച്ചുള്ള എണ്ണം സംബന്ധിച്ച്.

| ജില്ല | ക്വാറികളുടെ എണ്ണം | ക്രഷറുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 100 | 50 |
| കൊല്ലം | 172 | 66 |
| പത്തനംതിട്ട | 148 | 59 |
| ആലപ്പുഴ | 37 | 143 |
| കോട്ടയം | 134 | 96 |
| എറണാകുളം | 324 | 125 |
| ഇടുക്കി | 74 | 61 |
| തൃശ്ശൂർ | 206 | 153 |
| പാലക്കാട് | 217 | 74 |
| മലപ്പുറം | 695 | 128 |
| കോഴിക്കോട് | 220 | 122 |
| വയനാട് | 135 | 79 |
| കണ്ണൂർ | 647 | 121 |
| കാസർഗോഡ് | 384 | 39 |
| **ആകെ** | **3493** | **1316** |

സെക്ഷൻ ഓഫീസർ